**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1988** **29-07-2021 - ൽ മറുപടിയ്ക്ക്**

**കേരള സഹകരണ നിയമം പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരള സഹകരണ നിയമം സമഗ്ര പരിഷ്കരണ കമ്മിറ്റി നാളിതുവരെ എത്ര സിറ്റിംഗ് നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | 21.12.2019, 01.02.2020, 15.02.2020, 29.02.2020, 14.03.2020, 15.03.2020 എന്നീ ദിവസങ്ങളിലായി 6 സിറ്റിംഗ് നടത്തിയിട്ടുള്ളതാണ്. |
| (ബി) | പൊതുജനങ്ങളിൽ നിന്നും സഹകാരികളിൽ നിന്നും നിയമ പരിഷ്കരണം സംബന്ധിച്ച് കമ്മിറ്റി വിവരം തേടിയിട്ടുണ്ടോ; | (ബി) | കമ്മിറ്റി അംഗങ്ങളിൽ നിന്നും വകുപ്പിൽ നിന്നും ലഭ്യമായി ഭേദഗതി നിർദ്ദേശങ്ങൾ കമ്മിറ്റി സിറ്റിംഗിൽ ചർച്ചചെയ്ത് ആയതിൽ പ്രകാരം കരട് ഭേദഗതി നിർദ്ദേശം തയ്യാറാക്കുകയും ആയത് മാധ്യമങ്ങളിലും വെബ് സൈറ്റിലും പ്രസിദ്ധീകരിച്ച് ജില്ലാ തലങ്ങളിൽ ഇതു സംബന്ധിച്ച് യോഗങ്ങൾ നടത്തി പൊതുജനങ്ങളുടേയും സഹകാരികളുടേയും നിർദ്ദേശങ്ങൾ ലഭ്യമാക്കി അന്തിമ റിപ്പോർട്ട് തയ്യാറാക്കുവാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ നിലവിലെ കോവിഡ് 19 മഹാമാരിയുടെ ഭീഷണി നിലനിൽക്കുന്നതിനാൽ ജില്ലാ തല യോഗങ്ങൾ നടത്തുവാൻ സാധിച്ചിട്ടില്ല. |
| (സി) | പ്രസ്തുത കമ്മിറ്റി നിയമപരിഷ്കരണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഈ റിപ്പോർട്ട് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (സി) | കമ്മിറ്റി അംഗങ്ങളിൽ നിന്നും വകുപ്പിൽ നിന്നും ലഭ്യമായി ഭേദഗതി നിർദ്ദേശങ്ങൾ കമ്മിറ്റി സിറ്റിംഗിൽ ചർച്ചചെയ്ത് ആയതിൽ പ്രകാരം കരട് ഭേദഗതി നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ